REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കൃത്യമായ കാലാവസ്ഥാ നിരീക്ഷണവും പ്രവചനവും സാധ്യമാക്കുന്ന 'മിഷൻ മൗസ'ത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കമിടും.**
- **രാജ്യാന്തര ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് രാവിലെ കൊച്ചിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **ശബരിമലയിൽ ഇന്ന് മകരവിളക്ക്. മകരസംക്രമ പൂജയും മകരജ്യോതിയും ദർശിക്കാൻ പതിനായിരങ്ങൾ സന്നിധാനത്തും പരിസര പ്രദേശങ്ങളിലും എത്തിക്കഴിഞ്ഞു.**
- **സീനിയർ നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പ് പുരുഷ വിഭാഗത്തിൽ കേരളം ചാമ്പ്യന്മാർ.**
- **ISL ഫുട്ബാളിൽ ഇന്നലെ കൊച്ചിയിൽ കേരള ബ്ലാസ്റ്റേഴ്സ്, ഒഡിഷ FCയെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

കൃത്യമായ കാലാവസ്ഥാ നിരീക്ഷണവും പ്രവചനവും സാധ്യമാക്കുന്ന 'മിഷൻ മൗസം' പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ 150-ാം സ്ഥാപക ദിനാഘോഷങ്ങളുടെ ഭാഗമായി ഭാരതമണ്ഡപത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിലാണ് മിഷൻ മൗസം പ്രധാനമന്ത്രി നാടിന് സമർപ്പിക്കുന്നത്. ചടങ്ങിൽ വകുപ്പിന്റെ 'വിഷൻ 2047' രേഖയും അദ്ദേഹം പ്രകാശനം ചെയ്യും.

അന്തരീക്ഷത്തിലെ ഓരോ മാറ്റവും സൂക്ഷ്മമായി നിരീക്ഷിക്കാനും വിശകലനം ചെയ്യാനും സഹായിക്കുന്ന വരുംതലമുറ റഡാറുകളും ഉപഗ്രഹങ്ങളും കമ്പ്യൂട്ടറുകളും ഉപയോഗിച്ച് കാലാവസ്ഥാ പ്രവചനം പിഴവറ്റതാക്കാൻ മിഷൻ മൗസം ലക്ഷ്യമിടുന്നു.

വായുവിന്റെ ഗുണമേന്മ നിലനിർത്താനും, കാലാവസ്ഥാ വ്യതിയാനം ചെറുക്കാനാവശ്യമായ നടപടികൾ എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യാൻ ഇത് സഹായിക്കും.

✪✪✪

ലോകത്തിലെ ഏറ്റവും വലിയ ആത്മീയ സാംസ്കാരിക സംഗമമായ മഹാകുംഭമേളയ്ക്ക് ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ തുടക്കമായി. ഒന്നരക്കോടിയിലേറ ഭക്തരും തീർത്ഥാടകരും പൗഷപൗർണ്ണമി ദിനമായ ഇന്നലെ ത്രിവേണി സംഗമത്തിന്റെ വിവിധ തീർത്ഥഘട്ടങ്ങളിൽ പുണ്യസ്നാനം നടത്തി.

മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ നിർദ്ദേശമനുസരിച്ചു DGP യടക്കം ഉന്നത പൊലീസ് ഉദ്യോഗസ്ഥർ മഹാകുംഭമേളാ സ്ഥലം സന്ദർശിച്ച് സുരക്ഷാക്രമീകരണങ്ങൾ വിലയിരുത്തി. 45 ദിവസത്തെ മഹാകുംഭമേള അടുത്തമാസം ഇരുപത്താറിന് മഹാശിവരാത്രി ദിനം വരെ തുടരും.

✪✪✪

സൗദി അറേബ്യയുമായി ഒപ്പുവെച്ച ഈ വർഷത്തെ ഹജ്ജ് കരാറിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വാഗതം ചെയ്തു. ഹജ്ജ് ചെയ്യുന്നവർക്ക് മെച്ചപ്പെട്ട തീർത്ഥാടന അനുഭവങ്ങൾ ഉറപ്പാക്കാൻ കേന്ദ്രഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഈ വർഷം ഇന്ത്യയിൽ നിന്ന് ഒരുലക്ഷത്തി 75,025 തീർത്ഥാടകർക്ക് ഹജ്ജ് സൗകര്യം ഒരുക്കിയതായി കേന്ദ്ര ന്യൂനപക്ഷ മന്ത്രി കിരൺ റിജിജു അറിയിച്ചു.

✪✪✪

പാറ്റ്ന ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയ K വിനോദ് ചന്ദ്രനെ സുപ്രീംകോടതി ജഡ്ജിയായി രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു. ചുമതല ഏൽക്കുന്ന ദിവസം മുതൽ നിയമനം പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര ഗവൺമെൻറ് അറിയിച്ചു.

✪✪✪

ഈ വർഷത്തെ റിപ്പബ്ലിക് ദിന പരേഡിന് സാക്ഷികളാകാൻ സംസ്ഥാനത്തു നിന്ന് 22 പേർക്ക് പ്രത്യേക ക്ഷണം ലഭിച്ചു. തോൽപ്പാവകൂത്ത് കലാകാരൻ രാമചന്ദ്ര പുലവർ, വൈക്കോൽ കൊണ്ട് ചിത്രം രചിക്കുന്ന B രാധാകൃഷ്ണ പിള്ള, PA ശശിധരൻ തുടങ്ങിയവർ സംഘത്തിൽ ഉൾപ്പെടുന്നു.

ദേശീയ യുദ്ധ സ്മാരകം, PM സംഗ്രഹാലയ, ഡൽഹിയിലെ മറ്റ് പ്രമുഖ സ്ഥലങ്ങൾ എന്നിവ സന്ദർശിക്കാനും, മന്ത്രിമാരുമായി സംവദിക്കാനും ഇവർക്ക് അവസരം ലഭിക്കും.

✪✪✪

സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന രാജ്യാന്തര ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് രാവിലെ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

മന്ത്രിമാരായ ഡോ. R. ബിന്ദു, KN ബാലഗോപാൽ, P. രാജീവ്, ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ എന്നിവരെ കൂടാതെ അക്കാദമിക് രംഗത്തെ പ്രമുഖരും പങ്കെടുക്കും.

ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് രണ്ടുദിവസത്തെ കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

നാളെ നടത്താനിരുന്ന UGC- NET ഡിസംബർ 2024 പരീക്ഷ മാറ്റിയതായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. പൊങ്കലും മകര സംക്രാന്ത്രിയും പരിഗണിച്ച് പരീക്ഷ മാറ്റണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് മാറ്റമെന്ന് ഏജൻസി വ്യക്തമാക്കി. പുതിയ തീയതി പിന്നീട് അറിയിക്കും. എന്നാൽ മറ്റന്നാളത്തെ പരീക്ഷയിൽ മാറ്റമില്ല.

✪✪✪

വിളവെടുപ്പ് ഉത്സവമായ മകരസംക്രാന്തി ഇന്ന് ആഘോഷിക്കുന്നു. വടക്കൻ സംസ്ഥാനങ്ങളിൽ ശീതകാലം അവസാനിച്ച് ദൈർഘ്യമേറിയ പകലിന് തുടക്കമാകുന്ന ദിവസമാണ് മകരസംക്രാന്തി. തമിഴ്നാട്ടിൽ പൊങ്കൽ, ഗുജറാത്തിൽ ഉത്തരായൻ, അസമിൽ ഭൊകാലി ബിഹു, പശ്ചിമബംഗാളിൽ പൗഷ സംക്രാന്തി എന്നീ പേരുകളിലാണ് ഈ ആഘോഷം അറിയപ്പെടുന്നത്.

✪✪✪

ശബരിമലയിൽ ഇന്ന് മകരവിളക്ക്. രാവിലെ മകരസംക്രമ പൂജയും വൈകിട്ട് പൊന്നമ്പലമേട്ടിലെ മകരജ്യോതിയും ദർശിക്കാൻ പതിനായിരങ്ങൾ സന്നിധാനത്തും പരിസര പ്രദേശങ്ങളിലും എത്തിക്കഴിഞ്ഞു.

പത്തനംതിട്ട പ്രതിനിധി ശ്രീജി എസ് ശ്രീധറിന്റെ റിപ്പോർട്ട്.

.........വോയ്സ്..........

മകര ജ്യോതീ ദർശനത്തിനായി മണിക്കൂറുകൾ മാത്രം ശേഷിക്കേ  വലിയ ഭക്തജനത്തിരക്കിലാണ്സന്നിധാനവും പരിസരപ്രദേശങ്ങളിലും. രാവിലെ 8.45നു മകരസംക്രമ പൂജ നടക്കും. ഇതിനായി കവടിയാർ കൊട്ടാരത്തിൽനിന്ന് കൊണ്ടുവന്ന നെയ്യാണ് അഭിഷേകം ചെയ്യുന്നത്. തുടർന്ന് വൈകിട്ട് തിരുവാഭരണ വിഭൂഷിതനായ അയ്യപ്പസ്വാമിയെയും മകരവിളക്കും കണ്ട് തൊഴാനുള്ള കാത്തിരിപ്പിലാണു ഭക്തർ.

സന്നിധാനത്ത് ഒന്നരലക്ഷത്തോളം തീർഥാടകരെയാണ് ദേവസ്വം ബോർഡ് പ്രതീക്ഷിക്കുന്നത്. വലിയ സജ്ജീകരണങ്ങളാണ് ഇതിനായി ഒരുക്കിയിട്ടുള്ളത്. ദേവസ്വം' മന്ത്രി, ദേവസ്വം ബോർഡ് പ്രസിഡന്റ് തുടങ്ങിയവർ തിരുവാഭരണ ഘോഷയാത്ര വൈകിട്ട് സന്നിധാനത്തെത്തുമ്പോൾ സ്വീകരിച്ച് സോപാനത്തേയ്ക്ക് ആനയിക്കും. പോലീസ്, എൻഡിആർഎഫ്, ആർ പി എഫ്, ഫയർ ഫോഴ്സ്, റവന്യു, ദേവസ്വം ബോർഡ്, കെഎസ്ഇബി, വനം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ സംയുക്തമായാണ് തിരക്ക് നിയന്ത്രിച്ച് സുരക്ഷ ഒരുക്കിയിട്ടുള്ളത്.

രാവിലെ 10വരെ മാത്രമെ നിലയ്ക്കലിൽ നിന്നും പമ്പയിലേക്ക് വാഹനങ്ങൾ കടത്തിവിടുള്ളു. ഉച്ചയ്ക്ക് 12 കഴിഞ്ഞാൽ പിന്നെ വൈകിട്ട്5.30 കഴിഞ്ഞെ പമ്പയിൽ നിന്നും ഭക്തരെ സന്നിധാനത്തേക്ക് കടത്തിവിടുള്ളു.

✪✪✪

ഇടുക്കി പുല്ലുമേട്, പാഞ്ചാലിമേട്, പരുന്തുംപാറ എന്നിവിടങ്ങളിൽ മകരജ്യോതി ദർശനത്തിന് ആയിരങ്ങളെത്തും. വിപുലമായ സുരക്ഷാ സംവിധാനങ്ങൾ ഇവിടങ്ങളിൽ ഒരുക്കിയിട്ടുണ്ട്.

ഡെസ്ക് റിപ്പോർട്ട്

.......... വോയ്സ്................

മകരവിളക്ക് ദർശനശേഷം പുല്ലുമേട് നിന്നും  സന്നിധാനത്തേക്ക് പോകാൻ തീർത്ഥാടകരെ അനുവദിക്കില്ല.  കുമളി, പീരുമേട്, വണ്ടിപെരിയാർ ഭാഗങ്ങളിൽ ഗതാഗത നിയന്ത്രണത്തിന് തേനി പൊലീസിന്റെ സഹായവും തേടിയിട്ടുണ്ട്.

പുല്ലുമേട്, സത്രം, വണ്ടിപ്പെരിയാർ, കുമളി, പാഞ്ചാലിമേട്, പരുന്തുംപാറ എന്നീ അഞ്ച് പോയിന്റുകളിൽ ഫയർഫോഴ്സ് യൂണിറ്റ് സജ്ജമാണ്. പുല്ലുമേട്, സീതക്കുളം എന്നിവിടങ്ങളിൽ രണ്ട് യൂണിറ്റ് സഫാരി ഫയർ യൂണിറ്റിന്റെ ലഭ്യതയും ഉറപ്പാക്കി.

BSNL പുല്ലുമേട്ടിൽ താൽക്കാലിക മൊബൈൽ ടവർ നിർമ്മിച്ച് മൊബൈൽ കവറേജ് ലഭ്യമാക്കിയിട്ടുണ്ട്.

മകരജ്യോതി കണ്ടശേഷം സന്നിധാനത്തേക്ക് പോകാൻ ശ്രമിക്കുന്നവരെ തടയാൻ പോലീസും വനംവകുപ്പും പ്രത്യേക തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. സുരക്ഷയെ മുൻനിർത്തിയാണ് കരുതൽ നടപടിയെന്നും എല്ലാ തീർത്ഥാടകരും സഹകരിക്കണമെന്നും ഇടുക്കി ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

വൈകിട്ട് 5.30 മുതൽ ആകാശവാണി മകരവിളക്കിന്റെ ദൃസാക്ഷിവിവരണം പ്രക്ഷേപണം ചെയ്യുന്നുണ്ട്.

✪✪✪

കരിപ്പൂരിൽ നിന്ന് ഹജ്ജിന് പോകുന്ന തീർത്ഥാടകരിൽ നിന്ന് വിമാന യാത്രാനിരക്കിൽ 40,000 രൂപ അധികം ഈടാക്കുന്ന വിഷയത്തിൽ അടിയന്തര പരിഹാരം വേണമെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ ഹുസൈൻ സഖാഫി ആവശ്യപ്പെട്ടു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യനുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഈ ആവശ്യം ഉന്നയിച്ചത്.

✪✪✪

ലോകകപ്പ് ഖോ ഖോ ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ നേപ്പാളിനെ തോൽപ്പിച്ചു. ഗ്രൂപ്പ് A യിൽ 42-37 എന്ന സ്കോറിനാണ് ഇന്ത്യയുടെ വിജയം .

നേരത്തെ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് PT ഉഷ, ഖോ ഖോ ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് സുധാൻഷു മിത്തൽ എന്നിവർ ഖോ ഖോ ലോകകപ്പ് 2025 ന് ദീപം തെളിയിച്ചു.

✪✪✪

ISL ഫുട്ബാളിൽ ഇന്നലെ കൊച്ചിയിൽ കേരള ബ്ലാസ്റ്റേഴ്സ്, ഒഡിഷ FCയെ തോൽപ്പിച്ചു. രണ്ടിനെതിരെ മൂന്ന് ഗോളിനാണ് കേരളത്തിന്റെ വിജയം.

ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ഗോവയെ നേരിടും. ഗോഹട്ടിയിലെ ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ വൈകീട്ട് 7.30- നാണ് മത്സരം.

✪✪✪

സീനിയർ നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പ് പുരുഷ വിഭാഗത്തിൽ കേരളം ചാമ്പ്യന്മാരായി. ജയ്പൂരിൽ സർവീസസിനെ രണ്ടിനെതിരെ 3 സെറ്റുകൾക്ക് തോൽപ്പിച്ചാണ് കേരളം ചാമ്പ്യൻഷിപ്പ് നേടിയത്. വനിതാ വിഭാഗത്തിൽ റെയിൽവേയോട് പരാജയപ്പെട്ട് കേരളം റണ്ണേഴ്സ് അപ്പായി.

✪✪✪

തലശ്ശേരിയിൽ 14 വയസ്സിൽ താഴെ ആൺകുട്ടികളുടെ അന്തർ ജില്ല ഏകദിന ക്രിക്കറ്റ് ടൂർണ്ണമെന്റിൽ ഇന്ന് കണ്ണൂർ പാലക്കാടിനെ നേരിടും. ഇന്നലെ കണ്ണൂർ എട്ട് വിക്കറ്റിന് കാസർകോടിനെ പരാജയപ്പെടുത്തി.

✪✪✪

സാങ്കേതിക വിദ്യയിലെ മാറ്റങ്ങളെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉൾച്ചേർത്തുകൊണ്ടാണ് സംസ്ഥാനം മുന്നോട്ടുപോകുന്നതെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് IT അനുബന്ധ വിദ്യാഭ്യാസത്തിന് മുൻഗണന നൽകിയപ്പോൾ ഈ ഗവൺമെന്റ് റോബോട്ടിക് വിദ്യാഭ്യാസത്തിനാണ് ഊന്നൽ നൽകുന്നത്. കോഴിക്കോട് അത്തോളി ഗവ. വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിന്റെ ഒരു വർഷം നീണ്ട ശതാബ്ദി ആഘോഷം - 'ശതം സഫലം' സമാപനവും സാംസ്കാരിക സമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഭരണപരമായ തീരുമാനങ്ങൾ വൈകുന്നത് അഴിമതിയായിത്തന്നെ കണക്കാക്കണമെന്ന് മന്ത്രി P.പ്രസാദ് അഭിപ്രായപ്പെട്ടു. നിയമത്തിനും ചട്ടത്തിനും അകത്ത് നിന്നു ജനങ്ങളെ പരമാവധി സഹായിക്കുകയാണ് അദാലത്തുകളുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ചെങ്ങന്നൂർ താലൂക്ക് അദാലത്ത് IHRD എൻജിനിയറിങ് കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പത്തനംതിട്ടയിൽ വിദ്യാർഥിനിയെ നിരന്തര പീഡനത്തിനിരയാക്കിയ സംഭവത്തിൽ ഇന്നലെ 14 പേർ അറസ്റ്റിലായി. ഇതോടെ 29 കേസുകളായി 42 പ്രതികളെ പൊലീസ് പിടികൂടി.

✪✪✪

*News Editor: സുരേഷ് വി കെ*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: സബിത ആനന്ദ്*
*DEO: സുബോധ് സി കെ*